**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :1038**

**10.02.2016-ലെ മറുപടിയ്ക്ക്**

## ജലവിനോദയാത്രകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ജലവിനോദയാത്രകൾ പലതും സുരക്ഷാ നിയമങ്ങൾ പാലിച്ചുകൊണ്ടല്ല നടത്തുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉൾനാടൻ ജലയാന നിയമവും തുറമുഖ വകുപ്പിന്റെ നിയമങ്ങളും അനുസരിക്കാതെയാണ് കോവളം, നെയ്യാർ, വേളി, ആക്കുളം, പൂവാർ, മേഖലകളിലെല്ലാം വിനോദ സഞ്ചാരം നടത്തുന്നതെന്ന പരാതികൾ പരിശോധിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും<br>അനധികൃത ജലയാനങ്ങളെ നിയന്ത്രിക്കുന്ന തിനായി വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'ഉൾനാടൻ ജലയാന ചട്ടങ്ങൾ 2010' (KIV Rules 2010) 15.09.2010 ൽ നിലവിൽ വന്നു. ഈ ചട്ടങ്ങളുടെ നിർവ്വഹണ അധികാരിയായി തുറമുഖ വകുപ്പിനെയും തുറമുഖ ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലയാനങ്ങളുടെ സുരക്ഷാ പരിശോധനകൾ. രജിസ്ട്രേഷൻ വാർഷിക സർവ്വേ എന്നിവയ്ക്കായി 6 കേന്ദ്രങ്ങൾ സജ്ജമാക്കി. ജലയാനങ്ങളിലെ ജീവനക്കാർക്ക് പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മാരിടൈം ട്രെയിനിംഗ് സെന്ററുകൾ ആരംഭിയ്ക്കുകയും ഈ സെന്ററുകൾ വഴി ഏകദേശം 10000 ത്തോളം ജീവനക്കാർക്ക് സുരക്ഷാ പരിശീലനം നൽകുകയും ചെയ്തു. ജലയാനങ്ങളുടെ സുരക്ഷാ പരിശോധന നടത്തുന്നതിനായി ചീഫ് |
| (സി) തേക്കടി ബോട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നടപ്പിലാക്കിയ സുരക്ഷാ സംവിധാനങ്ങൾ ഫലമില്ലാത്തതും പരസ്യമായി ലംഘിക്കുന്നതുമാണെന്ന ആക്ഷേപം ഗൗരവമായി പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | |

സർവ്വെയർ, സർവ്വെയർമാർ എന്നിവരെ നിയമിക്കുകയും അവരുടെ മേൽനോട്ടത്തിൽ കൃത്യമായ സുരക്ഷാ പരിശോധനകളും സർവ്വെകളും നടത്തി വരികയും ചെയ്യുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തുന്ന ജലയാനങ്ങളുടെ സഞ്ചാര യോഗ്യതാ സർട്ടിഫിക്കറ്റ് മരവിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ